(ബി) ഈ പദ്ധതി പ്രകാരം ഇതുവരെ എത്ര സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു;

(സി) അവയ്ക്ക് എന്തു സാമ്പത്തിക സഹായം നൽകി; കേന്ദ്രത്തിൽ നിന്ന് ഇതിന് എന്തു തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-4-1999 മുതൽ.

(ബി) 46,511 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(സി) ബാങ്ക് വായ്പയായി 5,255.57 ലക്ഷം രൂപയും സബ്സിഡിയായി 3,778.01 ലക്ഷംരൂപയും റിവോൾവിംഗ് ഫണ്ട് സഹായമായി 981.71 ലക്ഷം രൂപയും സ്വയം സഹായ സംഘങ്ങൾക്ക് സാമ്പത്തിക സഹായമായി നൽകി. കേന്ദ്ര സർക്കാരിൽ നിന്നും 7,643.16 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

എസ്. ജി. എസ്. വൈ.-യിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് പദ്ധതികൾ

174 [3579] ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എസ്. ജി. എസ്. വൈ. പരിപാടിയിൽ നിന്നും ധന സഹായം ലഭിക്കുന്നതിന് പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അംഗീകാരം ലഭിച്ച പദ്ധതികൾ ഏതൊക്കെ; ഓരോ പദ്ധതിയുടെയും അടങ്കൽ തുകയും കേന്ദ്രധനസഹായവും എത്ര വീതമെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എസ്. ജി. എസ്. വൈ.-യിലൂടെ ലഭിച്ച ധനസഹായം ഓരോ വർഷവും എത്രയായിരുന്നുവെന്നും സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റ് ആയി എത്ര തുക വീതം അനുവദിച്ചുവെന്നും ഉള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ?

ഉത്തരം

(എ) എസ്. ജി. എസ്. വൈ. ഒരു വിഹിതാധിഷ്ഠിത (Allocation Based) കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതി അനുസരിച്ചുള്ള ഓരോ വർഷത്തേയും വിഹിതം കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചുവരുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം

LIBRARY ARCHIVES Kerala Legislative Assembly

എസ്. ജി. എസ്. വൈ. ഫണ്ടിന്റെ 15% സ്പെഷ്യൽ പ്രോജക്ടുകൾക്കായി നീക്കിവച്ചിട്ടുണ്ട്. എസ്. ജി. എസ്. വൈ. സ്പെഷ്യൽ പ്രോജക്ട് അനുസരിച്ചുള്ള ധനസഹായത്തിനായി താഴെ പറയുന്ന പ്രോജക്ടുകൾ കേന്ദ്ര സർക്കാരിന് ഗ്രാമ വികസന വകുപ്പ് സമർപ്പിച്ചിരുന്നു.

1. മൈക്രോ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് വിത്ത് ഇന്നവേറ്റീവ് കമ്മ്യൂണിറ്റി ആന്റ് മാർക്കറ്റിംഗ് ലിങ്കേജ് (മെഡിക്കോം) —ആലപ്പുഴ ജില്ല.

2. സസ്റ്റെയിനബിൾ ബിസിനസ്സ് ഡെവലപ്പ്മെന്റ് ഓഫ് ഇന്നവേറ്റീവ് കൊക്കനട്ട് ബേസ്ഡ് മൈക്രോ എന്റർപ്രൈസസ് ഫോർ ഹോളിസ്റ്റിക്ക് ഗ്രോത്ത് ആന്റ് പോവർട്ടി അലിവിയേഷൻ (സുബിക്ഷ) —കോഴിക്കോട് ജില്ല.

3. മൈക്രോ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ഫോർ സാനിട്ടേഷൻ ആന്റ് എംപ്ലോയ്മെന്റ് ജനറേഷൻ—മലപ്പുറം ജില്ല.

ഇതിനുപുറമെ 'സ്വശക്തി യോജന' എന്ന പേരിൽ വികലാംഗരേയും മാനസിക വൈകല്യമുള്ളവരേയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പ്രോജക്ട് കോഴിക്കോട് ജില്ലാ കളക്ടറും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

(ബി) അംഗീകാരം ലഭിച്ച പദ്ധതികളും അടങ്കൽ തുകയും കേന്ദ്ര വിഹിതവും (ബാങ്ക് വായ്പയും ഗുണഭോക്തൃ വിഹിതവും ഒഴികെ) ചുവടെ കൊടുത്തിരിക്കുന്നു.

	പദ്ധതിയുടെ പേര്	*അടങ്കൽ തുക (രൂപാ ലക്ഷത്തിൽ)*	*കേന്ദ്ര വിഹിതം (രൂപാ ലക്ഷത്തിൽ)*
1.	മൈക്രോ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് വിത്ത് ഇന്നവേറ്റീവ് കമ്മ്യൂണിറ്റി ആന്റ് മാർക്കറ്റിംഗ് ലിങ്കേജ് (മെഡിക്കോം)	840.00	630.00
2.	സസ്റ്റെയിനബിൾ ബിസിനസ്സ് ഡെവലപ്പ്മെന്റ് ഓഫ് ഇന്നവേറ്റീവ് കൊക്കനട്ട് ബേസ്ഡ് മൈക്രോ എന്റർപ്രൈസസ് ഫോർ ഹോളിസ്റ്റിക്ക് ഗ്രോത്ത് ആന്റ് പോവർട്ടി അലിവിയേഷൻ (സുബിക്ഷ)	806.00	605.00
3.	മൈക്രോ എന്റർപ്രൈസസ് ഡെവലപ്പ് മെന്റ് ഫോർ സാനിട്ടേഷൻ ആന്റ് എംപ്ലോയ്മെന്റ് ജനറേഷൻ	158.33	118.75

LIBRARY ARCHIVES Kerala Legislative Assembly

മേൽ സൂചിപ്പിച്ച 3 പ്രോജക്ടുകൾക്ക് പുറമെ 'സ്വശക്തി യോജന' എന്ന പ്രോജക്ട് സംസ്ഥാന സർക്കാർ സംസ്ഥാന വിഹിതം നൽകണമെന്ന ഉറപ്പിന് വിധേയമായും ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായും കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്. ജി. എസ്. വൈ. പദ്ധതിക്ക് ലഭിച്ച കേന്ദ്ര വിഹിതവും അനുവദിച്ച സംസ്ഥാന വിഹിതവും അനുബന്ധം 1-ലും എസ്. ജി. എസ്. വൈ. സ്പെഷ്യൽ പ്രോജക്ടുകൾക്ക് ലഭിച്ച കേന്ദ്ര വിഹിതവും അനുവദിച്ച സംസ്ഥാന വിഹിതവും അനുബന്ധം 2-ലും കൊടുത്തിരിക്കുന്നു.

കുടുംബശ്രീക്ക് കേന്ദ്ര സഹായം

175 [3580] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. മോഹൻകുമാർ:
,, ലൂഡി ലൂയിസ്:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ പ്രവർത്തനത്തിന് വേണ്ടി ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്തെല്ലാം കേന്ദ്ര സഹായം കിട്ടി;

(ബി) ഇതിൽ ഏതെങ്കിലും തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര തുകയുടെ വ്യക്തമായ കണക്ക് സമർപ്പിക്കാത്തതുമൂലം കേന്ദ്രത്തിൽ നിന്നും ഈ ഇനത്തിൽ ലഭിക്കേണ്ട തുക ലഭിക്കാതെ വന്നിട്ടുണ്ടോ?

ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കാസർഗോഡ് ജില്ലയിലെ പ്രവൃത്തികൾ

176 [3581] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. ഐ. ഡി. എഫ്. IV-ൽ ഉൾപ്പെടുത്തി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly